കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ - ജീവനക്കാര്യം - കോട്ടയം ജില്ലാ മിഷൻ-ശ്രീ.ബിനോയ് കെ.ജോസഫ്-ന്റെ അസിസ്റ്റന്റ് ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ തസ്തികയിലെ അന്യത്രസേവന കാലാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്

സ.ഉ.(സാധാ) നം.2712/2019/തസ്വഭവ. തീയതി, തിരുവനന്തപുരം,30/11/2019

---

പരാമർശം:- 1. 10.05.2013 തീയതിയിലെ 42/2013/ഫിൻ നം. സർക്കുലർ
2. 28.11.2013 തീയതിയിലെ സ.ഉ.(പി)നം. 580/2013/ഫിൻ.
3. 09.03.2018 തീയതിയിലെ സ.ഉ(സാധാ)നം. 654/18/തസ്വഭവ
4. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 25/03/2019 തീയതിയിലെ 2596/ഇ 1/18/കെ.എസ്.എച്ച്.ഒ. നമ്പർ കത്ത്

<u>ഉത്തരവ്</u>

എറണാകുളം തണ്ടക്കാട് ജമാഅത്ത് എച്ച്.എസ്.എസ്-ലെ എച്ച്.എസ്.എസ്.റ്റി ആയ ശ്രീ.ബിനോയ് കെ ജോസഫ്-നെ കുടുംബശ്രീ കോട്ടയം ജില്ലാ മിഷൻ ഓഫീസിൽ അസിസ്റ്റന്റ് ജില്ലാ മിഷൻ കോ- ഓർഡിനേറ്ററായി അന്യത്രസേവന വ്യവസ്ഥയിൽ പരാമർശം(3)ലെ സർക്കാർ ഉത്തരവു പ്രകാരം നിയമിച്ചിരുന്നു.

(2) ടിയാളുടെ അന്യത്രസേവന കാലാവധി 14/03/2019 തീയതിയിൽ അവസാനിച്ച സാഹചര്യത്തിൽ 15/03/2019 തീയതി മുതൽ ഒരു വർഷത്തേക്ക് കൂടി അന്യത്രസേവനം ദീർഘിപ്പിച്ചു നൽകണമെന്ന് പരാമർശം (4)-ലെ കത്ത് പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. എറണാകുളം തണ്ടക്കാട് ജമാഅത്ത് എച്ച്.എസ്.എസ്-ലെ എച്ച്.എസ്.എസ്.റ്റി ആയ ശ്രീ.ബിനോയ് കെ ജോസഫ്-ന്റെ കുടുംബശ്രീ കോട്ടയം ജില്ലാ മിഷനിലെ അസിസ്റ്റന്റ് ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ തസ്തികയിലെ അന്യത്രസേവനകാലം കേരള സർവ്വീസ് റൂൾസ് ഭാഗം -1 ചട്ടം(140 സി) പ്രകാരമുള്ള വ്യവസ്ഥകൾക്കും പരാമർശം(1),(2) ഉത്തരവിലെ മാനദണ്ഡങ്ങൾക്കും വിധേയമായി 15/03/2019 മുതൽ ഒരു വർഷത്തേക്ക് ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

നന്ദന ആർ പി
അണ്ടർ സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
ഡയറക്ടർ,ഹയർസെക്കന്ററി, തിരുവനന്തപുരം
അപേക്ഷകൻ(ഡയറക്ടർ,ഹയർസെക്കന്ററി,തിരുവനന്തപുരം
മാനേജർ ജമാ അത്ത് എച്ച്.എസ്.എസ്,തണ്ടക്കാട്,~~തിരുവനന്തപുരം~~ എറണാകുളം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ/എൽ.ബി.എ), കേരളം, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ